പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1585 11.02.2013- ലെ മറുപടി

പ്രവാസി മലയാളി ക്ഷേമനിധി അംഗത്വം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |

(എ) കേരളീയരായ പ്രവാസികളുടെ ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ ; വ്യക്തമാക്കാമോ ;

(എ) തിരുവനന്തപുരം സെന്റർ ഫോർ ഡവലപ്മെന്റ് തയ്യാറാക്കിയ 2011 – ലെ കേരള മൈഗ്രേഷൻ സർവ്വെ റിപ്പോർട്ട് പ്രകാരം പ്രവാസികളുടെ 2011 – ലെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | പ്രവാസികളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 425833 |
| കൊല്ലം | 284372 |
| പത്തനംതിട്ട | 106678 |
| ആലപ്പുഴ | 199074 |
| കോട്ടയം | 129306 |
| ഇടുക്കി | 14428 |
| എറണാകുളം | 198425 |
| തൃശ്ശൂർ | 347499 |
| പാലക്കാട് | 225408 |
| മലപ്പുറം | 563005 |
| കോഴിക്കോട് | 321143 |
| വയനാട് | 41363 |
| കണ്ണൂർ | 408349 |
| കാസർകോട് | 166005 |
| ആകെ | 3430889 |

(ബി) പ്രവാസി മലയാളികളിൽ നിന്നും സംസ്ഥാനത്തേക്ക് ബാങ്ക്/ബാങ്കിതര ഇടപാടുകൾ മുഖേന വരുന്ന പണമെത്ര ; പ്രതിവർഷം എത്രകോടി രൂപ വരും; വ്യക്തമാക്കാമോ ;

(ബി) മേൽ റിപ്പോർട്ട് പ്രകാരം പ്രവാസി മലയാളികളിൽ നിന്ന് സംസ്ഥാനത്തേക്ക് ബാങ്ക്/ബാങ്കിതര ഇടപാടുകൾ മുഖേന സ്വന്തം ഗാർഹികാവശ്യങ്ങൾക്കായി 2011 – ൽ അയച്ച തുക 15,129 കോടി രൂപ ആയിരുന്നു. കൂടാതെ പ്രസ്തുത കാലയളവിൽ ഇന്ത്യയ്ക്ക് മൊത്തം ലഭിച്ച വിദേശ

നാണ്യത്തിന്റെ കണക്കിൽ നിന്നും ആനുപാതികമായി വിഭജിച്ചാൽ 2011 – ൽ കേരളത്തിൽ വന്ന ആകെ തുക 49,695/- കോടി രൂപയാണ്. രൂപയുടെ മൂല്യവ്യത്യാസ പ്രകാരം ഇതിൽ മാറ്റം ഉണ്ടാകും.

(സി) പ്രവാസി ക്ഷേമനിധി അംഗത്വത്തിന് നിലവിലുള്ള വ്യവസ്ഥകൾ /മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) 18 നും 55 നും മദ്ധ്യേ പ്രായമുള്ള വിദേശത്ത് ജോലി ചെയ്യുന്നവർ , വിദേശത്ത് രണ്ട് വർഷമെങ്കിലും ജോലി ചെയ്ത ശേഷം തിരിച്ച് വന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവർ , കേരളത്തിനു പുറത്ത് ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ജോലി സംബന്ധമായി താമസിച്ചു വരുന്നവർ എന്നിവർക്ക് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വമെടുക്കാവുന്നതാണ്.

(ഡി) പ്രസ്തുത വ്യവസ്ഥകൾ പ്രകാരം 55 വയസ്സ് പൂർത്തിയായവരെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് അനുവദനീയമാണോ എന്നത് വ്യക്തമാക്കുമോ ; അല്ലെങ്കിൽ 55 വയസ്സ് പൂർത്തിയായവരെകൂടി ക്ഷേമനിധിയിൽ ഉൾപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) നിലവിൽ 18 നും 55 നും മദ്ധ്യേ പ്രായമായവർക്കാണ് കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ അംഗത്വം നൽകുന്നത്. പ്രസ്തുത പ്രായപരിധി ഉയർത്തുന്നതിനായുള്ള സജീവമായ പരിശോധന സർക്കാർ തലത്തിൽ നടന്നു വരുന്നു.

(ഇ) ഗൾഫ് മലയാളികളുടെ ക്ഷേമത്തിനായി മുൻ സർക്കാർ കേന്ദ്ര സർക്കാർ മുൻപാകെ സമർപ്പിച്ച ഗൾഫ് മലയാളി പുനരധിവാസ പാക്കേജ് നടപ്പിലാക്കിക്കിട്ടാൻ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

(ഇ) മുൻ സർക്കാരിന്റെ കാലത്ത് ഗൾഫ് മലയാളി പുനരധിവാസ പാക്കേജ് എന്ന പദ്ധതി കേന്ദ്രസർക്കാരിലേക്ക് ഈ വകുപ്പിൽ നിന്നും നൽകിയിട്ടുള്ളതായ രേഖകൾ ലഭ്യമല്ല..

സെക്ഷൻ ഓഫീസർ